ഡി.എഫ്.ബി/1789/2024-ടി1

"സുരക്ഷാഭവൻ"

ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്

കുമാരപുരം, തിരുവനന്തപുരം-11

ഫോൺ : 0471-2441597

ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 02-07-2024

# സർക്കുലർ നമ്പർ:03/24

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് – പെർമിറ്റ്/ലൈസൻസ് സംബന്ധമായി വകുപ്പ് നൽകി വരുന്ന സേവനങ്ങളിൽ ചില ഡ്രാഫ്റ്റ്സ്മാന്മാർ അനധികൃതമായി ഇടപെടലുകൾ നടത്തുകയും നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതുമായ വിവരം എല്ലാ ഫാക്ടറി ഉടമകളുടെയും ശ്രദ്ധയിൽപെടുത്തുന്നത് - സംബന്ധിച്ച്

1) വകുപ്പ് അംഗീകരിച്ച ഡ്രാഫ്റ്റ്സ്മാന്മാരിൽ ചിലർ ഡ്രോയിങ്ങുകൾ തയ്യാറാകുന്നതിലേക്കായി വളരെ ഭീമമായ തുക വകുപ്പിലെ ഉദ്യോഗസ്ഥർക്കു നൽകാനെന്ന വ്യാജേന ഫാക്ടറി ഉടമകളോട് ആവശ്യപ്പെടുന്നതായി അറിയുന്നു .ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം ടി വിവരം ഇ -മെയിൽ വഴി director.fab@kerala.gov.in ലേക്ക് അറിയിക്കുകയോ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടറുടെ ഓഫീസ് നമ്പർ നമ്പർ 0471-2441597 ലേക്ക് അറിയിക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം ടി ഡ്രാഫ്റ്റ്സ്മാൻറെ കോംപീറ്റൻസി റദ്ദ് ചെയ്യുന്നതാണ്.

2) ഫാക്ടറി ഉടമകൾക്ക് അനുവദിച്ചിട്ടുള്ള ലോഗിൻ ഐ .ഡി യും പാസ്സ്‌വേർഡും ചില അംഗീകൃത ഡ്രാഫ്റ്റ്സ്മാന്മാർ വാങ്ങി അനധികൃതമായി ദുരുപയോഗം ചെയ്യുന്നതായും അറിയുന്നു. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെടുന്ന പക്ഷം ടി ഡ്രാഫ്റ്റ്സ്മാനെതിരെ ഐ. ടി ആക്ട് പ്രകാരമുള്ള ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതും ടിയാളുടെ കോംപീറ്റൻസി റദ്ദ് ചെയ്യുന്നതുമാണ്. കൂടാതെ അങ്ങനെ നല്കുന്ന ഫാക്ടറി ഉടമകൾക്കെതിരെയും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

3) അംഗീകൃത ഡ്രാഫ്റ്റ്സ്മാന്മാരുടെ ലിസ്റ്റിൽപെടാത്ത ചിലർ വകുപ്പിന്റെ അംഗീകൃത ഏജന്റുമാരാണെന്നു പറഞ്ഞു ഫാക്ടറി ഉടമകളെ സമീപിച്ച് പെർമിറ്റ്, ലൈസൻസ് മുതലായ ഓൺലൈൻ സേവനങ്ങൾ ശരിയാക്കി നൽകാമെന്ന് പറഞ്ഞു വൻ തുക ആവശ്യപ്പെടുന്നതായി അറിയുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം ടി വിവരം ഇ-മെയിൽ വഴിയോ ടെലഫോൺ വഴിയോ അറിയിക്കേണ്ടതാകുന്നു.

**Signed by P Pramod**
**Date: 02-07-2024 17:20:04**

ഫാക്ടറികളുടെയും ബോയിലറുകളുടെയും ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ഫാക്ടറി ഉടമകളും

എല്ലാ അംഗീകൃത ഡ്രാഫ്റ്റ്സ്മാന്മാരും

എല്ലാ  ജോയിന്റ് ഡയറക്ടർമാർ ,ഇൻസ്‌പെക്ടർമാർ ഫാക്ടറീസ് ആൻഡ് ബോയിലേർസ്
വകുപ്പ്